**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1480** **16-10-2026-ൽ മറുപടിയ്ക്ക്**

**ഇന്റഗ്രേറ്റഡ് ബി.എഡ് കോഴ്സ് (ഐ.ടി.ഇ .പി)**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഉല്ലാസ് കോവൂർ
ശ്രീ. വിഷ്ണു മോഹൻ
ശ്രീ. വി. കുഞ്ഞികൃഷ്ണൻ

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** ദേശീയ അധ്യാപകവിദ്യാഭ്യാസ കൗൺസിലിന്റെ (എൻ.സി.ടി.ഇ ) നേതൃത്വത്തിലുള്ള നാല് വർഷത്തെ ഇന്റഗ്രേറ്റഡ് ബി.എഡ് കോഴ്സ് (ഐ.ടി.ഇ .പി) കേരളത്തിലെ കോളേജുകളിൽ/ സർവകലാശാലകളിൽ ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** നാല് വർഷത്തെ ഇന്റഗ്രേറ്റഡ് ബി.എഡ് കോഴ്സ് (ഐ.ടി.ഇ.പി) കേരളത്തിലെ കോളേജുകളിൽ/സർവകലാശാലകളിൽ നടപ്പാക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**(ബി)** പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ (എൻ.ഇ.പി ) മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഇന്റഗ്രേറ്റഡ് ബി.എഡ് കോഴ്സ് നടപ്പിലാക്കുന്നതുവഴി നിലവിലുള്ള ബി.എഡ് കോഴ്സുകളെയും അധ്യാപക നിയമനങ്ങളെയും ഇത് എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

**മറുപടി:** നാല് വർഷത്തെ ഇന്റഗ്രേറ്റഡ് ബി.എഡ് കോഴ്സ് (ഐ.ടി.ഇ.പി) നടപ്പിലാക്കുന്നതിനായി നിലവിലുള്ള ബി.എഡ് കോളേജുകളുടെയും, ഡി.എൽ.ഡി സ്ഥാപനങ്ങളുടെയും യോഗം വിളിച്ച് ചർച്ച ചെയ്ത് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ ഉന്നത വിദ്യാഭ്യാസ കൗൺസിലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**(സി)** സംസ്ഥാനത്ത് ഇന്റഗ്രേറ്റഡ് ബി.എഡ് കോഴ്സ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ബി.എഡ് ട്രെയിനിങ് കോളേജുകളെ ആർട്സ് ആൻഡ് സയൻസ് കോളേജുകളുമായി ബന്ധിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ അതിന്റെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** സർക്കാർ ട്രെയിനിംഗ് കോളേജുകളെ സർക്കാർ കോളേജുകളുമായി സംയോജിപ്പിച്ച് ഐ.ടി.ഇ.പി നടപ്പിലാക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത പരിശോധിക്കുന്നതിനും കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**(ഡി)** പല സ്റ്റാൻഡേർഡ് ട്രെയിനിങ് കോളേജുകൾക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോ ബി.എഡ് ഇതര ഡിഗ്രി സീറ്റുകളോ ഇല്ലാത്തത് കോഴ്സ് നടപ്പിലാക്കുന്നതിന് തടസ്സമാകുന്നുണ്ടോ; എങ്കിൽ ഈ പ്രതിസന്ധി മറികടക്കാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**